പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 3935 21.10.2016 ൽ മറുപടി പറയേണ്ടിയിരുന്നത്

## തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന് നടപടി

**ചോദ്യം**

**ശ്രീ. വി.കെ.സി. മമ്മത് കോയ**
**ശ്രീ. രാജു എബ്രഹാം**
**ശ്രീ.എം. നൗഷാദ്**
**ശ്രീ. എം. രാജഗോപാലൻ**

എ) സാങ്കേതിക വിദ്യയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

**ഉത്തരം**

**ശ്രീ. കെ. ടി. ജലീൽ**
**(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി)**

എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിൽ ജനന മരണ രജിസ്ട്രേഷൻ, വിവിധതരം ക്ഷേമ പെൻഷനുകൾ, വസ്തു നികുതി, കെട്ടിട നിർമ്മാണ പെർമിറ്റ് മറ്റ് നികുതികളും ലൈസൻസുകളും തുടങ്ങിയ സേവനങ്ങൾ കമ്പ്യൂട്ടറൈസ് ചെയ്തിട്ടുണ്ട്. പെൻഷൻ ഗുണഭോക്താക്കളുടെ വിവരങ്ങൾ ആധാർ വിവരങ്ങളുമായി ഒത്തുനോക്കി വ്യാജ ഗുണഭോക്താക്കളെ തിരിച്ചറിയാനുള്ള നടപടികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്ക് സേവനങ്ങൾ നൽകുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് എല്ലാ സേവനങ്ങളും ഓൺലൈൻ മുഖേന ലഭ്യമാക്കുന്നതിനു വേണ്ടി ഇൻഫർമേഷൻ കേരള മിഷൻ മുഖേന പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ വിവിധ വകുപ്പുകൾ / ഐ.ടി.മിഷൻ / ഐ.കെ.എം. എന്നിവ വികസിപ്പിച്ചെടുത്ത സോഫ്റ്റ് വെയറുകൾ ഉപയോഗിച്ച് പദ്ധതികൾ കൂടുതൽ സുതാര്യവും കാര്യക്ഷമമായും വേഗത്തിലും നടപ്പിലാക്കുന്നതിന് സാധിക്കുന്നു.

| | | | |
|---|---|---|---|
| ബി) | പൊതുജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിനായി വെബ് അധിഷ്ഠിത സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | ബി) | ജനങ്ങളുടെ പരാതികൾ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനും അത് പരിഹരിക്കാനുമായി എൻ.ഐ.സി മുഖേനയും ഐ.ടി. മിഷന്റെ സഹകരണത്തോടും കൂടി ഒരു വെബ് അധിഷ്ഠിത സംവിധാനത്തിന്റെ നിർമ്മാണം നടന്നു വരുന്നു. |
| സി) | കൂടുതൽ പ്രവർത്തനങ്ങൾ ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറ്റുന്നതിനായി വികസിപ്പിച്ച സോഫ്റ്റ് വെയറുകൾ സംയോജിപ്പിക്കുന്നതിനായി ഡൊമെയിൻ സപ്പോർട്ട് ടീമുകൾ രൂപീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | സി) | പഞ്ചായത്ത് ഡയറക്ടറേറ്റിൽ സോഫ്റ്റ് വെയർ സംയോജിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ഡൊമെയിൻ സപ്പോർട്ട് ടീമുകൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ഇൻഫർമേഷൻ കേരള മിഷനിൽ ടി പ്രവർത്തനങ്ങൾ സമയബന്ധിതമായി ഏറ്റെടുത്തു നടപ്പിലാക്കുന്നതിന് മുഴുവൻ സമയസേവനം നൽകാൻ വകുപ്പിൽ നിന്നും 3 ജീവനക്കാരെ നിയോഗിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ